**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 149** **23-08-2022 - ൽ മറുപടിയ്ക്ക്**

**കുടുംബകോടതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിൽ നിലവിൽ എത്ര കുടുംബകോടതികൾ ഉണ്ട്; ഓരോ കോടതിയും നിലവിൽ എത്ര കേസുകൾ കൈകാര്യം ചെയ്യുന്നുണ്ട്; വിശദമാക്കാമോ; | (എ) | കോഴിക്കോട് ജില്ലയിൽ 2 കുടുംബകോടതികൾ ഉണ്ട്. കോഴിക്കോട് കുടുംബ കോടതിയിൽ 4449 കേസുകളും വടകര കുടുംബ കോടതിയിൽ 1669 കേസുകളും കൈകാര്യം ചെയ്യുന്നുണ്ട്. |
| (ബി) | വടകര കുടുംബകോടതിയിൽ നിലവിൽ ജഡ്ജി ഉണ്ടോ; വടകര കുടുംബകോടതിയുടെ പ്രവർത്തനപരിധി വ്യക്തമാക്കാമോ; | (ബി) | വടകര കുടുംബ കോടതിയിൽ ജഡ്ജിയുടെ തസ്തിക നിലവിൽ ഒഴിഞ്ഞു കിടക്കുകയാണ്. 22.01.2011 ലെ സ.ഉ.(കൈ)നം.15/2011/ആഭ്യന്തരം പ്രകാരം കോഴിക്കോട് റവന്യൂ ജില്ലയിലെ വടകര, കൊയിലാണ്ടി താലൂക്കുകളിലെ എല്ലാ വില്ലേജുകളും ഉൾപ്പെടുന്നതാണ് വടകര കുടുംബ കോടതിയുടെ അധികാരപരിധി. |
| (സി) | മലയോര മേഖല ഉൾപ്പെടെയുള്ള പേരാമ്പ്ര പ്രദേശത്ത് നിന്നും വടകര കുടുംബകോടതിയിൽ എത്തിച്ചേരുന്നതിനുള്ള പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രയാസങ്ങൾ പരിഗണിച്ച് പേരാമ്പ്ര ആസ്ഥാനമായി കുടുംബകോടതി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) | ഉണ്ട്; പേരാമ്പ്ര ആസ്ഥാനമായി കുടുംബ കോടതി സ്ഥാപിക്കണമെന്ന നിവേദനത്തിൽ ഹൈക്കോടതി രജിസ്ട്രാറിൽ നിന്നും റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് പ്രസ്തുത വിഷയം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ